# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 03**

---

## ഓൺലൈൻ എം.കോം; ഒക്ടോബർ 20 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റെഗുലർ പ്രോഗ്രാമിനു തുല്യമായി യു.ജി.സി അംഗീകരിച്ച ഓൺലൈൻ എം.കോമിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഒക്ടോബർ 20 വരെ നീട്ടി.

വിദ്യാർഥികളുടെ സൗകര്യവും താത്പര്യവുമനുസരിച്ച് പഠിക്കാൻ കഴിയുന്ന കോഴ്സിൽ ചേരുന്നതിന് പ്രായപരിധി ഇല്ല. ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും അവസരമുണ്ട്.

കോഴ്സിന്റെ ഒരു ഘട്ടത്തിലും വിദ്യാർഥികൾ സർവകലാശാലയിൽ നേരിട്ട് എത്തേണ്ടതില്ല. സംശയനിവാരണത്തിന് അധ്യാപകരുടെ ലൈവ് ഓൺലൈൻ സേവനവുമുണ്ട്.

നാലു സെമസ്റ്ററുകളായി ക്രമീകരിച്ചിരിക്കുന്ന രണ്ടു വർഷത്തെ പ്രോഗ്രാമിന് https://mguonline.ac/#/ എന്ന വെബ്- സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിശദാംശങ്ങൾ 9778429536. 9778429538 എന്നീ നമ്പരുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/1183/2023)

## സോഷ്യൽ ഓഡിറ്റ്; ശിൽപശാല ആറിന്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് ആൻറ് എക്സ്റ്റൻഷൻ ഒക്ടോബർ ആറിന് സോഷ്യൽ ഓഡിറ്റിനെക്കുറിച്ച് ശിൽപ്പശാല സംഘടിപ്പിക്കും. സെൻറർ കോൺഫറൻസ് ഹാളിൽ രാവിലെ പത്തിന് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി (ഓംബുഡ്സ്മാൻ) അപ്പലേറ്റ് അതോറിറ്റി ചെയർമാൻ ഡോ. ബി.എസ്. തിരുമേനി ഉദ്ഘാടനം നിർവഹിക്കും.

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ ഡോ. എൻ. രമാകാന്തൻ മുഖ്യ പ്രഭാഷണം നിർവഹിക്കും. ഡോ. എൻ രമാകാന്തന്, ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് മുഖ്യ പ്രഭാഷണം നടത്തും.

തൊഴിൽ ദാന പദ്ധതികളുടെ നിർവഹണത്തിൻറെ വിലയിരുത്തൽ പ്രവർത്തനം സംബന്ധിച്ച് ശിൽപ്പശാല ചർച്ച ചെയ്യും. നിലവിൽ സംസ്ഥാന പ്ലാനിനു കീഴിൽ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് ആൻറ് എക്സ്റ്റൻഷൻ ഒരു പഠനം നടത്തുന്നുണ്ട്. ഇതിൻറെ ഭാഗമായി പ്രവർത്തനങ്ങൾ സംബന്ധിച്ച കർമപദ്ധതി തയ്യാറാക്കുന്നതിന് സംസ്ഥാന സോഷ്യൽ ഓഡിറ്റ് യൂണിറ്റുമായി സഹകരിച്ചാണ് ശിൽപശാല നടത്തുന്നത്.

കോട്ടയം ജില്ലയിലെ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പഞ്ചായത്ത് ബ്ലോക്ക് തല പ്രതിനിധികൾ, സോഷ്യൽ ഓഡിറ്റ് ടിം അംഗങ്ങൾ തുടങ്ങിയവർ ശിൽപ്പശാലയിൽ പങ്കെടുക്കും.

(പി.ആർ.ഒ/39/1184/2023)

## പരീക്ഷകൾ മാറ്റി

ഒക്ടോബർ 30ന് ആരംഭിക്കേണ്ടിയിരുന്ന മൂന്നാം സെമസ്റ്റർ എം.എ സിറിയക്(2021 അഡ്മിഷൻ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ മാറ്റി വച്ചു. പരീക്ഷകൾ നവംബർ ആറിന് ആരംഭിക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1185/2023)

## പരീക്ഷാ ടൈംടേബിൾ

ആറാം സെമസ്റ്റർ പഞ്ചവത്സര ബി.എ(ക്രിമിനോളജി) എൽ.എൽ.ബി(ഓണേഴ്സ് - 2011 അഡ്മിഷൻ സപ്ലിമെൻററി), ബി.എ എൽ.എൽ.ബി പഞ്ചവത്സര ഇൻറഗ്രേറ്റഡ് (2012 മുതൽ 2014 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയോടൊപ്പം ബാങ്കിംഗ് ലോ ആൻറ് നെഗോഷ്യബിൾ ഇൻസ്ട്രുമെൻറ്സ് എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ ഒക്ടോബർ 27ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1186/2023)

## സ്പെഷ്യൽ പരീക്ഷ

രണ്ടാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ മൂന്ന് വിഷയങ്ങളുടെ സ്പെഷ്യൽ പരീക്ഷകൾ(36ാമത് ദക്ഷിണ മേഖലാ കലോത്സവം-പത്മ തരംഗിൽ പങ്കെടുത്ത എറണാകുളം ഗവൺമെൻറ് ലോ കോളജിലെ

വിദ്യാർഥികൾക്കായുള്ളത്) ഒക്ടോബർ 13,16,18 തീയതികളിൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1187/2023)

## പരീക്ഷാ തീയതി

എട്ടാം സെമസ്റ്റർ ഐ.എം.സി.എ(2019 അഡ്മിഷൻ റഗുലർ, 2017,2018 അഡ്മിഷൻ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2016 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ 30ന് ആരംഭിക്കും.

ഒക്ടോബർ 11 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. പിഴയോടു കൂടി ഒക്ടോബർ 12നും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 13നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1188/2023)

## എൽ.എൽ.ബി പരീക്ഷകൾക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളജുകളിലെ മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പരീക്ഷകൾക്ക് ഒക്ടോബർ 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി ഒക്ടോബർ 27നും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 28നും അപേക്ഷ സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ പരീക്ഷാഫീസിനൊപ്പം 270 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിന് 45 രൂപ നിരക്കിലും (പരമാവധി 270 രൂപ) സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

............................

അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പരീക്ഷകൾക്ക് ഒക്ടോബർ 13 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി ഒക്ടോബർ 17നും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 18നും അപേക്ഷ സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ പരീക്ഷാഫീസിനൊപ്പം 270 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിന് 45 രൂപ നിരക്കിലും(പരമാവധി 270 രൂപ) സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

..............................

അഫിലിയേറ്റഡ് കോളജുകളിലെ പത്താം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പരീക്ഷകൾക്ക് ഒക്ടോബർ 19 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി ഒക്ടോബർ 20നും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 21നും

അപേക്ഷ സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ പരീക്ഷാ ഫീസിനൊപ്പം270 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിന് 45 രൂപ നിരക്കിലും(പരമാവധി 270 രൂപ) സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1189/2023)

## പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷാഫലം

സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്ട്സ് സയൻസ് കഴിഞ്ഞ വർഷം സെപ്റ്റംബറിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക്(2020 അഡ്മിഷൻ ഫുൾടൈം, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 18 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1190/2023)

## പ്രാക്ടിക്കൽ

ഈ വർഷം മെയ് മുതൽ സെപ്റ്റംബർ വരെ നടത്തിയ മൂന്നു മുതൽ എട്ടു വരെ സെമസ്റ്ററുകൾ ബി.ടെക് മെക്കാനിക്കൽ എൻജിനീയറിംഗ്(പുതിയ സ്കീം - 2010 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററിയും മെഴ്സി ചാൻസും - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 11 മുതൽ കോട്ടയം സെൻറ് ഗിറ്റ്സ് കോളജ് ഓഫ് എൻജിനീയറിംഗിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1191/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്-അപ്ലൈഡ് (2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

............................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 15 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

............................

നാലാം സെമസ്റ്റർ എം.എ തമിഴ് പി.ജി.സി.എസ്.എസ് – ജൂൺ 2023(2021 അഡ്മിഷൻ റഗുലർ, 2019–2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 15 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

............................

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡെവലപ്മെൻറ് സ്റ്റഡീസ് മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഡെവലപ്മെൻറ് സ്റ്റഡീസ്, എം.എ ഗാന്ധിയൻ സ്റ്റഡീസ് (202123 ബാച്ച്, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 15 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1192/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**